ചെയ്യുന്ന വാഹനങ്ങൾക്ക് കേരളത്തിൽ ഈടാക്കുന്ന നികുതി തന്നെയാണ് ഈടാക്കുന്നത്. അതായത് ആറ് യാത്രക്കാരിൽ കൂടുതലുള്ള ഓർഡിനറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 1540 രൂപയും മേൽത്തരത്തിലുള്ള പുഷ്ബാക്ക് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 2000 രൂപയും സ്ലീപ്പർ ബർത്ത് വാഹനങ്ങൾക്ക് 3000 രൂപയും എന്ന നിരക്കിലാണ് ഈടാക്കുന്നത്.

(സി) കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് പോകുന്ന വാഹനങ്ങളിൽ നിന്നും അമിതമായി നികുതി ഈടാക്കുന്നതിനെതിരെ സർക്കാരും ഗതാഗത വകുപ്പും കർണ്ണാടക ഗവൺമെന്റുമായി നിരവധി തവണ ബന്ധപ്പെട്ടെങ്കിലും ഇതിന്മേൽ നടപടികളൊന്നും ഉണ്ടായിട്ടില്ല. കേരളത്തിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിൽ പ്രവേശിക്കുന്ന സ്വകാര്യ വാഹനങ്ങൾക്ക് കർണ്ണാടക സർക്കാർ ലൈഫ് ടൈം ടാക്സ് ഈടാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സർക്കാരിന്റെ നിർദ്ദേശ പ്രകാരം കർണ്ണാടക ഗതാഗത മന്ത്രിയുമായി 2-9-2014-ന് ചർച്ച നടത്തുകയും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേയ്ക്ക് വരുന്ന സ്വകാര്യ വാഹനങ്ങളിൽനിന്നും ലൈഫ് ടൈം ടാക്സ് സ്വീകരിക്കുന്ന നടപടി നിർത്തിവയ്ക്കുവാൻ കർണ്ണാടക ഗതാഗത മന്ത്രി, കർണ്ണാടക ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഗതാഗത കമ്മീഷണർ അറിയിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ, നിർദ്ദേശങ്ങളേ കർണ്ണാടക സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

അംഗപരിമിതരായവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം

349 (3983) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് സർക്കുലർ ഇറക്കിയിട്ടും അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം നിഷേധിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റും സാമൂഹ്യക്ഷേമ വകുപ്പിൽനിന്ന് നൽകുന്ന വൈകല്യത്തിന്റെ തോത് (ശതമാനം) രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡും കെ.എസ്.ആർ.ടി.സി.-യിൽ യാത്രാ പാസ് അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിച്ചിട്ടുണ്ട്. അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെ അർഹതപ്പെട്ട ആർക്കും യാത്രാ സൗജന്യം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതാണ്.

കരുനാഗപ്പള്ളി KSRTC ഷോപ്പിംഗ് കോംപ്ലക്സ്

350 (3984) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി KSRTC ഷോപ്പിംഗ് ക്ലോംപ്ലക്സിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; ആയതു എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞപ്പോഴേയ്ക്കും അംഗീകൃത തൊഴിലാളി സംഘടനകളുടെ എതിർപ്പുകാരണം പണി ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കിയിരിക്കുകയാണ്.

വാഹന രജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസും

351 (3985) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly